**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 246** **11-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാലയങ്ങളിൽ മുൻവർഷത്തേക്കാൾ 1.17 ലക്ഷം കുട്ടികളുടെ കുറവ് ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പൊതുവിദ്യാലയങ്ങളിൽ (സർക്കാർ, എയ്ഡഡ്) 2023-24 അധ്യയന വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2024-25 അധ്യയന വർഷം 117049 കുട്ടികളുടെ കുറവ് വന്നിട്ടുണ്ട്.<br><br>ജനനനിരക്കിൽ വന്ന കുറവുതന്നെയാണ് പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയാനുണ്ടായ പ്രധാനകാരണം.<br><br>15 വർഷം മുമ്പ് ജനിച്ച കുട്ടികളാണ് 2024 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതി പത്താം ക്ലാസ് വിദ്യാഭ്യാസം പൂർത്തീകരിച്ചത്. 2009 ൽ രജിസ്റ്റർ ചെയ്ത ജനനം ഏകദേശം 5.5 ലക്ഷമാണ്. ആ സമയത്തെ ക്രൂഡ് ബർത്ത് റേറ്റ് 16 ആണ്. ഇവരാണ് 2014 ൽ ഒന്നാം ക്ലാസിൽ എത്തിയത്. 2024-25 ൽ ഒന്നാം ക്ലാസിൽ എത്തിയത് 2019 ൽ ജനിച്ച കുട്ടികളാണ്. 2019 ൽ രജിസ്റ്റർ ചെയ്ത ജനനം ഏകദേശം 4.8 ലക്ഷമാണ്. ആ സമയത്തെ ക്രൂഡ് ബർത്ത് റേറ്റ് 13.9 ആണ്. അതായത് 2009 നെ അപേക്ഷിച്ച് 2019 ൽ 70000 കുട്ടികളുടെ കുറവ് ജനനത്തിൽ ഉണ്ടായി. ഇത് സ്വാഭാവികമായും സ്കൂൾ പ്രവേശനത്തെ ബാധിക്കും.<br><br>പൊതുവിദ്യാലയങ്ങളിൽ മുൻവർഷത്തേക്കാൾ കുട്ടികളുടെ എണ്ണത്തിൽ വന്ന കുറവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം – 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | കുട്ടികൾ കുറയുന്നതുമൂലം അധ്യാപക തസ്തികകളിൽ കുറവ് ഉണ്ടാകാൻ സാധ്യതയുണ്ടോ; അറിയിക്കുമോ; | (ബി) | ചില സ്കൂളുകളിൽ കുട്ടികൾ കുറയുന്നത് മൂലം അദ്ധ്യാപക തസ്തികകളിൽ കുറവ് ഉണ്ടാകാൻ സാധ്യതയുണ്ട്. എന്നാൽ മറ്റു ചില സ്കൂളുകളിൽ കുട്ടികൾ കൂടുന്നതിനാൽ തസ്തികകൾ ആനുപാതികമായി വർദ്ധിക്കാനും സാധ്യതയുണ്ട്. |

| | | | |
|---|---|---|---|
| | | | കുട്ടികൾ കുറയുന്നതു മൂലം അദ്ധ്യാപക തസ്തികകളിലെ കുറവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട് |
| (സി) | പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ അടുത്ത വർഷങ്ങളിലും നടപ്പിലാക്കുന്നതാണ്. ഇതിനു പുറമെ പുതിയ പ്രവർത്തനങ്ങളും വരും വർഷങ്ങളിൽ നടപ്പിലാക്കുന്നതാണ്. പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്ക് 2025 ഫെബ്രുവരി 18 ന് തുടക്കമായി. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോട്ടു കൂടിയാണ് സമഗ്ര ഗുണമേന്മാവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത്.<br><br>പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

(എ) അനുബന്ധം -1

2024 മാർച്ചിൽ 4,02,624 കുട്ടികൾ പൊതുവിദ്യാലയങ്ങളായ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്നും പത്താം ക്ലാസ് പഠനം പൂർത്തിയാക്കി അടുത്തഘട്ടം വിദ്യാഭ്യാസത്തിന് പോയി. 2024 ജൂണിൽ ഒന്നാം ക്ലാസിൽ എത്തിച്ചേർന്നത് 2,50,986 കുട്ടികളാണ്. ജനനനിരക്കിൽ വന്ന കുറവുതന്നെയാണ് പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയാനുണ്ടായ പ്രധാനകാരണം.

2024-25 അധ്യയനവർഷത്തെ കണക്കുകൾ പ്രകാരം സർക്കാർ, സർക്കാർ എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ് ഉൾപ്പെടെയുള്ള വിദ്യാലയങ്ങളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലായി ആകെ 3643642 കുട്ടികളാണ് ഉള്ളത്. ഇതിൽ 1160609 (31.85%) കുട്ടികൾ സർക്കാർ മേഖലയിലും, 2127066 (58.38%) കുട്ടികൾ സർക്കാർ എയ്ഡഡ് മേഖലയിലും, 355967 (9.77%) കുട്ടികൾ അംഗീകൃത അൺഎയ്ഡഡ് മേഖലയിലുമാണ്.


2023-24 അധ്യയനവർഷത്തെ കണക്കുകൾ പ്രകാരം സർക്കാർ, സർക്കാർ എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ് ഉൾപ്പെടെയുള്ള വിദ്യാലയങ്ങളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലായി ആകെ 3746647 കുട്ടികളാണ് ഉള്ളത്. ഇതിൽ 1223554 (32.66%) കുട്ടികൾ സർക്കാർ മേഖലയിലും, 2181170 (58.22%) കുട്ടികൾ സർക്കാർ എയ്ഡഡ് മേഖലയിലും, 341923 (9.12%) കുട്ടികൾ അംഗീകൃത അൺഎയ്ഡഡ് മേഖലയിലുമാണ്.

**കേരളത്തിലെ 2019-20 മുതൽ 2024-25 വരെ പൊതുവിദ്യാലയങ്ങളിലെ (സർക്കാർ, എയ്ഡഡ്) കുട്ടികളുടെ എണ്ണവും, ആയതിന്റെ ഗ്രാഫും ചുവടെ ചേർക്കുന്നു**

കോവിഡ് കാലഘട്ടത്തിന് ശേഷം 2022-23 മുതൽ കുട്ടികളുടെ എണ്ണം നേരിയതോതിൽ കുറഞ്ഞുവരുന്നതായി കാണുന്നു. കോവിഡിന് മുമ്പും ശേഷവും ഉള്ള വർഷങ്ങളിലെ പൊതുവിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം പരിശോധിച്ചാൽ കാര്യമായ വ്യത്യാസം കാണാൻ കഴിയില്ല.

ENROLMENT OF STUDENTS 2019-20 to 2024-25 (Govt& Aided)

| Year | GOVT. | AIDED | TOTAL |
|---|---|---|---|
| 2019-20 | 1168586 | 2158452 | 3327038 |
| 2020-21 | 1197179 | 2177149 | 3374328 |
| 2021-22 | 1267370 | 2244613 | 3511983 |
| 2022-23 | 1273014 | 2226349 | 3499363 |
| 2023-24 | 1223554 | 2181170 | 3404724 |
| 2024-25 | 1160609 | 2127066 | 3287675 |




2024-25 അധ്യയനവർഷം പൊതുവിദ്യാലയത്തിൽ (സർക്കാർ, എയ്ഡഡ്) പുതുതായി വന്നു ചേർന്ന കുട്ടികളുടെ എണ്ണം (2 മുതൽ 10 വരെ) കഴിഞ്ഞ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ 2,3,4 ക്ലാസുകൾ ഒഴികെ എല്ലാ ക്ലാസുകളിലും വർദ്ധനവ് വന്നിട്ടുണ്ട്. സംസ്ഥാന തലത്തിൽ സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിൽ ഏറ്റവുമധികം കുട്ടികൾ പുതുതായി പ്രവേശനം നേടിയത് എട്ടാം ക്ലാസിലും (15596), അഞ്ചാം ക്ലാസിലും (11,523) ആണ്.

| *GROWTH* OF STUDENTS 2024-25 (GOVT & AIDED) | |
|---|---|
| STANDARD | No.of Students |
| II | -437 |
| III | -2431 |
| IV | -1154 |
| V | 11523 |
| VI | 3888 |
| VII | 2505 |
| VIII | 15596 |
| IX | 5036 |
| X | 63 |
| Total | 34589 |

പൊതുവിദ്യാലയങ്ങളിൽ കഴിഞ്ഞവർഷം ഒന്നു മുതൽ ഒമ്പത് വരെ ക്ലാസുകളിൽ പഠിച്ച കുട്ടികളാണ് ഈ വർഷം രണ്ടു മുതൽ 10 വരെ ക്ലാസുകളിലായി പഠിക്കുന്നത്. പൊതുവിദ്യാലയങ്ങളായ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ കഴിഞ്ഞ അക്കാദമിക വർഷം ഒന്നു മുതൽ 9 വരെ ക്ലാസ്സുകളിൽ 30,02,100 കുട്ടികളാണ് പഠിച്ചിരുന്നത്. ഈ അക്കാദമിക് വർഷം അവർ രണ്ട് മുതൽ 10

വരെ ക്ലാസുകളിലായി ഉണ്ടാകണം. എന്നാൽ ഈ അക്കാദമിക വർഷം രണ്ട് മുതൽ പത്ത് വരെ ക്ലാസുകളിലായി 30,36,689 കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. അതായത് 34,589 കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ കഴിഞ്ഞ വർഷത്തേക്കാൾ അധികമായി ഈ വർഷം പുതുതായി എത്തിച്ചേർന്നു എന്ന് മനസിലാക്കാൻ സാധിക്കും.

2024 മാർച്ചിൽ 4,02,624 കുട്ടികൾ പൊതുവിദ്യാലയങ്ങളായ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്നും പത്താം ക്ലാസ് പഠനം പൂർത്തിയാക്കി അടുത്തഘട്ടം വിദ്യാഭ്യാസത്തിന് പോയി. 2024 ജൂണിൽ ഒന്നാം ക്ലാസിൽ എത്തിച്ചേർന്നത് 2,50,986 കുട്ടികളാണ്. ജനനനിരക്കിൽ വന്ന കുറവുതന്നെയാണ് പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയാനുണ്ടായ പ്രധാനകാരണം.

(ബി) അനുബന്ധം -2

KER ചട്ടത്തിന്റെയും, GO(P) 29/2016/GEDN തീയതി 29/01/2016 സർക്കാർ ഉത്തരവിനും അനുബന്ധ ഉത്തരവുകൾക്കും വിധേയമായി ആണ് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ തസ്തിക നിർണ്ണയം എല്ലാ അധ്യയന വർഷവും നടത്തി വരുന്നത്. എൽ.പി. വിഭാഗത്തിൽ (1 മുതൽ 5 വരെ) 1:30, യു.പി. വിഭാഗത്തിൽ (6 മുതൽ 8 വരെ) 1:35, എച്ച്.എസ്. വിഭാഗത്തിൽ (9, 10 ക്ലാസുകൾ) 1:45 എന്ന കണക്കിലാണ് അധ്യാപക - വിദ്യാർത്ഥി അനുപാതം പാലിച്ച് വരുന്നത്. മേൽ അനുപാതത്തിൽ നിന്നും കുട്ടികളിൽ കുറവുണ്ടാവുകയാണെങ്കിൽ അധ്യാപക തസ്തിക കുറയാൻ സാധ്യത ഉണ്ട്.

**(സി) അനുബന്ധം-3**

1. **പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റേയും** വിദ്യാകിരണം മിഷന്റെയും ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന അക്കാദമിക പ്രവർത്തനങ്ങളും ഭൗതിക സൗകര്യവികസന പ്രവർത്തനങ്ങളും തുടർന്നും നടപ്പിലാക്കും.

2. സമഗ്ര ഗുണമേൻമാവിദ്യാഭ്യാസ പദ്ധതി

പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സമഗ്ര ഗുണമേൻമാ വിദ്യാഭ്യാസ പദ്ധതിക്ക് 2025 ഫെബ്രുവരി 18 ന് തുടക്കമായി. ഗുണമേൻമയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടു കൂടിയാണ് സമഗ്ര ഗുണമേൻമാവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു പ്രവർത്തന പദ്ധതി സംസ്ഥാനതലത്തിലുണ്ടാകും. സംസ്ഥാനതലം മുതൽ സ്കൂൾതലം വരെ ജനകീയ സമിതികൾ രൂപീകരിക്കും. ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന് പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. അക്കാദമിക മികവാണ് വിദ്യാലയമികവായി കണക്കാക്കുന്നത്. ഓരോ ക്ലാസിലും കുട്ടി നേടേണ്ട ശേഷികൾ നേടുന്നുവെന്ന് ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. വിദ്യാലയങ്ങളുടെ ഭൗതികാന്തരീക്ഷം മെച്ചപ്പെടുന്നതിനോടൊപ്പം പൊതുസമൂഹത്തിന്റെ പിന്തുണയോടെ അക്കാദമിക മികവിലേക്കുയരുന്ന പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങളിൽ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്.

സമഗ്ര ഗുണമേൻമാവിദ്യാഭ്യാസ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പ്രവർത്തന പദ്ധതിയിൽ ചുവടെ പറയുന്ന ഘടകങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്.

i.ജനകീയ വിദ്യാഭ്യാസ ക്യാമ്പയിൻ

ii.അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ഗുണമേൻമ ഉറപ്പുവരുത്തുക.

iii.മൂല്യനിർണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുക.

iv.സാങ്കേതിക വിദ്യാസൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

v.ഭരണപരമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

vi.ഗവേഷണപ്രവർത്തനങ്ങൾ നടപ്പിലാക്കുക.

vii.പരിശീലനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

viii.വിദ്യാലയസമിതികൾ, മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണവും പിന്തുണയും ഉറപ്പുവരുത്തുക.

* കുട്ടികൾ നേടേണ്ട പഠനശേഷികൾ നേടുന്നുവെന്ന് ഉറപ്പ് വരുത്തൽ
* വിലയിരുത്തൽ രീതി കാര്യക്ഷമമാക്കൽ
* നിർമ്മിത ബുദ്ധിയടക്കമുള്ള സാങ്കേതിക സൗഹൃദ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ
* വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങൾ
* അധ്യാപക-രക്ഷാകർതൃ സമൂഹവിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ശാസ്ത്രീയമായ സംഘാടനം
* എസ്.സി./എസ്.ടി, ഭിന്നശേഷി കുട്ടികൾ എന്നിവർക്ക് പ്രത്യേക പരിപാടികൾ
* വിഷയാധിഷ്ഠിത പരിപാടികൾ (ഗണിതം, ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം എന്നിവ)

3. **'അക്കാദമിക മികവ് വിദ്യാലയമികവ്'** എന്ന ആശയത്തിലൂന്നി സംസ്ഥാനത്തെ സ്കൂളുകളിൽ ചുവടെ പറയുന്ന പഠനപോഷണ പരിപാടികൾ നടപ്പിലാക്കി. പ്രസ്തുത പരിപാടികളുടേയും നിരന്തര മോണിറ്ററിംഗിന്റേയും ഫലമായി സ്കൂളുകളിൽ അക്കാദമിക മുന്നേറ്റമുണ്ടാക്കാൻ സാധിച്ചു.

i. മലയാളത്തിളക്കം

ii. ഹലോ ഇംഗ്ലീഷ്

iii. സുരീലി ഹിന്ദി

iv. ഉല്ലാസഗണിതം

v. ഗണിതവിജയം

vi. ഗണിതോത്സവം

vii. തെരഞ്ഞെടുത്ത സ്കൂളുകളിൽ ഗണിതപാർക്ക്

viii. ഗണിതലാബ്

ix. ശാസ്ത്രകൗതുകം

x. ശാസ്ത്രപഥം

xi. ശാസ്ത്രോത്സവം

xii. ശാസ്ത്രപാർക്ക്

xiii. വിവിധ ക്ലബ് പ്രവർത്തനങ്ങൾ

xiv. സാമൂഹ്യശാസ്ത്രലാബ്

xv. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള മെന്ററിങ്

xvi. ശലഭോദ്യാനം

xvii. ജൈവവൈവിധ്യ ഉദ്യാനം

xviii. ടിങ്കറിംഗ് ലാബുകൾ

xix. സ്കൂൾ വെതർ സ്റ്റേഷൻ

xx. ക്ലാസ് ലൈബ്രറി

xxi. വായനച്ചങ്ങാത്തം

xxii. വായനക്കാർഡുകൾ

xxiii. ക്വിസ് പ്രോഗ്രാമുകൾ

xxiv. വേനൽപ്പച്ച - പ്രകൃതിപഠനപ്രവർത്തനപുസ്തകം

xxv. എഴുത്തുപച്ച

xxvi. ശ്രദ്ധ

xxvii. അഹ്ലൻ അറബിക്

xxviii. പ്യാരി ഉറുദു

xxix. സംസ്കൃത മാധുരി

xxx. ഹെൽപിംഗ് ഹാന്റ്

xxxi. ഇല(Enhancing Learning Ambience)

xxxii. ഹാപ്പി ഡ്രിങ്ക്സ്

xxxiii. പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ

xxxiv. ഊരുവിദ്യാകേന്ദ്രങ്ങൾ

xxxv. ടാലന്റ് ലാബ് പ്രവർത്തനങ്ങൾ

xxxvi. ഗണിതകിറ്റ്

xxxvii. ശാസ്ത്രകിറ്റ്

xxxviii. സംയുക്തഡയറി

xxxix. സർഗാത്മകഡയറി

xxxx. ബാല (BALA - Building as a Learning Aid)

* പാദമുദ്രകൾ
* ബഡ്ഡിംഗ് റൈറ്റേഴ്സ്
* ബീച്ച് ടു ബെഞ്ച്
* ഫിലിം ഉത്സവ
* റോബോട്ടിക് കിറ്റ്
* ഭാഷാ ഉത്സവം
* പാട്ടരങ്ങ്
* അളക്കാം പഠിക്കാം
* സചിത്ര പുസ്തകം

i. മഞ്ചാടി

ii. ക്രിയേറ്റീവ് കോർണർ

4. പഠനോത്സവവും തുടർന്ന് സ്കൂൾ പ്രവേശനോത്സവം വരെ നീണ്ടുനിൽക്കുന്ന ക്യാമ്പയിനും

5. പെൺകുട്ടികൾക്കായി നടപ്പിലാക്കുന്ന പ്രത്യേക പരിപാടികൾ

6. എസ്.സി., എസ്.ടി. വിഭാഗം കുട്ടികൾക്കും വനമേഖലയിലും തീരദേശത്തും താമസിക്കുന്ന കുട്ടികൾക്കുമായുള്ള പ്രത്യേക പരിപാടികൾ

7. ആർ.ടി.ഇ. എൻടൈറ്റിൽമെന്റ്സ്

i. സൗജന്യപാഠപുസ്തകം

ii. അർഹരായ കുട്ടികൾക്ക് രണ്ടു സെറ്റ് സൗജന്യ യൂണിഫോം

iii. ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം

8. കോമ്പസിറ്റ് സ്കൂൾ ഗ്രാന്റ്, സ്കൂൾ ലൈബ്രറി ഗ്രാന്റ്, സ്പോർട്സ് ഗ്രാന്റ്

9. പ്രീ-സ്കൂൾ ശാക്തീകരണം

i. വർണക്കൂടാരം

ii. രക്ഷാകർതൃവിദ്യാഭ്യാസം

iii. ശിശുസൗഹൃദപരമായ ഫർണിച്ചർ

iv. പഠനബോധന സാമഗ്രികൾ (TLM)

v. പുറം കളിയുപകരണങ്ങൾ

vi. പ്രവർത്തനമൂലകൾ/ പ്രവർത്തനയിടങ്ങൾ സമ്പുഷ്ടമാക്കൽ

10. അധ്യാപകർക്കുള്ള അവധിക്കാല പരിശീലനങ്ങളും ക്ലസ്റ്റർ പരിശീലനങ്ങളും സാങ്കേതികവിദ്യാപിന്തുണ പരിശീലനങ്ങളും

11. പ്രഥമാധ്യാപക പരിശീലനം

12. കലാ-ആരോഗ്യ-കായിക-പ്രവൃത്തിപരിചയ വിഷയങ്ങൾക്ക് പാഠപുസ്തകങ്ങളും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനവും

13. ഉൾച്ചേർക്കൽ വിദ്യാഭ്യാസം (പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം)

* ട്രാൻസ്പോർട്ട് അലവൻസ്
* എസ്കോർട്ട് അലവൻസ്
* മെഡിക്കൽ ക്യാമ്പുകൾ
* സഹായ ഉപകരണങ്ങളുടെ വിതരണം
* പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ്
* തെറാപ്പി സേവനങ്ങൾ
* സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാം
* ചങ്ങാതിക്കൂട്ടം
* ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം
* റീഡർ അലവൻസ്
* ബ്രെയിലി സ്റ്റേഷനറി മെറ്റീരിയലുകളുടെ വിതരണം
* സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ സേവനം
* ഹെൽപ്പർ/ആയ/അറ്റൻഡന്റ് സേവനം
* ഓട്ടിസം സെന്ററുകൾ
* സ്പെയ്സ് (SPACE)
* ഇൻക്ലൂസീവ് സ്പോർട്സ്

14. വർക്ക് എജ്യൂക്കേഷൻ

* എക്സ്പോഷർ വിസിറ്റ്
* ലൈഫ്
* സ്കിൽ ഷെയർ
* വിദഗ്ധരുമായുള്ള സംവാദം
* ശക്തി

* സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ

15. രക്ഷാകർതൃവിദ്യാഭ്യാസം

i. SMC/PTA പരിശീലനം

ii. പി.ഇ.സി./എം.ഇ.സി. ശാക്തീകരണം